MALAYALANADU WEEKLY, QUILON MARCH 10, 1974
PHONES: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ
എസ്. കെ. നായർ

കഥ:
തെയ്യാട്ടുയുടെ ഉടക്കം
—മേരി പി. ജെ. 30
നഗ്നമായ —പി. സുബ്ബയ്യാപിള്ള 44
കല്ലു — പെരുമ്പടവം ശ്രീധരൻ 54
ജഡംപേറി നടക്കുന്നവർ
—മാതയിൽ അരവിന്ദൻ 6
കവിത:
അഹം —ജി. 5
പൊരുത്തക്കേട് —ഒ. വി. ഉഷ 53
നോവൽ:
ഏക —സി. രാധാകൃഷ്ണൻ 27
അടിയറവ് —കാക്കനാടൻ 20
ബോബി —കെ. എ. അബ്ബാസ് 49
പംക്തികൾ:
സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 12
ഉഭയാഗ ചിത്രങ്ങൾ
—വി. ബി. സി. 46
ശാസ്ത്രയാനം —ഗോപാ മരുതായി 37
സ്ത്രീ—അവളുടെ ലോകം
—വി.ടി.നന്ദകുമാർ 38
കഷായം —സുകുമാർ 25
സിനിമ —മംഗലശ്ശേരി 56
ഒളിവിൽ കിടിയത്
—യേശുദാസൻ 64

താളുകൾ മറിക്കുമ്പോൾ

വായനക്കാരുടെ ലോകം 2
ലേഖനം:
വീക്ഷണത്തിനേറെയും പ്രചരണത്തിനേറെയും പ്രശ്നം
—കെ. പി. അപ്പൻ 3
വിലക്കപ്പെട്ട കനികൾ
—സിനിക്കു 17

പുസ്തകം അഞ്ചു. ലക്കം ഗ്രന്ഥപ്പു 1149 കുംഭം 26

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

970 നവമ്പർ25-ാംതീയതി യൂക്കിയോ മിഷിമ എന്ന ജാപ്പനീസ് സാഹിത്യകാരൻ മതാചാരത്തോട് ബന്ധപ്പെട്ട ആത്മഹത്യചെയ്തു. കഠാര, വാൾ, പേനാക്കത്തി ഈ ആയുധങ്ങളിൽ ഏതെങ്കിലും ഉപയോഗിച്ചു് വയറു പിളർന്ന മരണത്തെ സമാശ്ലേഷിക്കുന്ന ഈ പ്രവൃത്തിക്കു് "ഹാരേ കീറി" എന്നു പറയും. ജാപ്പനീസ് ഭാഷയിൽ "ഹാരേ"ക്കു് വയറു് എന്നർത്ഥം. "കീറി" എന്നതിനു മുറിക്കുക എന്നും. ഹാരേ കീറിക്കു് സെപ്പുക്കു എന്നും പേരുണ്ടു്. മാഷ്ടാനതീയ പ്രശസ്തിയാർജ്ജിച്ച മഹാനായ സാഹിത്യകാരനായിരുന്ന യൂക്കിയോ മിഷിമ. ആത്മഹത്യചെയ്യാൻ ദിവസം തിരഞ്ഞെടുത്തതിൽ സവിശേഷതയുണ്ടു്. മിഷിമ നാലുഭാഗങ്ങളുള്ള The Sea of Fertility എന്ന "മാസ്റ്റർ പീസ്" എഴുതുകയായിരുന്നു. ആ നോവലിന്റെ അവസാനത്തെവാക്കു് അദ്ദേഹം എഴുതിയതു് 1970 നവമ്പർ 25-ാം തീയതി കാലത്താണു്. അതു് എഴുതിക്കഴിഞ്ഞയുടനെ അദ്ദേഹം വീട്ടിൽനിന്നു പോയി. ഒരു മിലിട്ടറി ഓഫീസറെ പിടിച്ചുകെട്ടി. അദ്ദേഹത്തിന്റെ മുൻപിൽവച്ചു് വയറു കത്തികൊണ്ടു കീറി മരിക്കുകയും ചെയ്തു മിഷിമയുടെ "മാസ്റ്റർ പീസി"ന്റെ ഒന്നാമത്തെ രാഗം "ഹാരാ നോ യൂക്കി"യാണു്. അതിന്റെ ഇംഗ്ലീഷ് തർജ്ജമ Spring Snow എന്ന പേരിൽ ലണ്ടനിലെ സെക്കർ ആൻഡ് വോർബർഗ് പ്രസാധനം ചെയ്തിരിക്കുന്നു. മനോഹരമായ ഈ ഗ്രന്ഥത്തിൽ ഒരുകഥാപാത്രം മറ്റൊരു കഥാപാത്രത്തോടു് ഒരു കൊച്ചു കഥ പറയുന്നു. അതിവിടെ തർജ്ജമ ചെയ്തു ചേർക്കട്ടെ:— "ബുദ്ധന്റെ ഉപദേശങ്ങൾ പഠിക്കാൻ യു ആൻ എന്ന പേരുള്ള ഒരുവൻ പ്രസിദ്ധമായ കാശ്യപ ഗിരിയിലേക്കു പോകുകയായിരുന്നു. രാത്രിയായപ്പോൾ അയാൾ ഒരു ശവപ്പറമ്പിലെത്തി. ശവം ദഹിപ്പിച്ച സ്ഥലത്തെ മൺകൂനകൾക്കിടയിൽ ഉറങ്ങാൻ കിടന്നു. അദ്ധ രാത്രിയിൽ സഹിക്കാനാവാത്ത ദാഹത്തോടുകൂടി അയാൾ ഉണർന്നു. കൈനീട്ടി തൊട്ടടുത്തുള്ള ഒരു കുഴിയിൽനിന്നു് ആ യാത്രക്കാരൻ കോരിക്കുടിച്ചു വെള്ളം. കോരിയെടുത്തു. വീണ്ടും മയങ്ങിയപ്പോൾ അയാൾക്കതോന്നി അത്രത്തോളം നിർമ്മലവും രുചിയുള്ളതുമായ ജലം മറ്റൊരിക്കലും കുടിച്ചിട്ടില്ലെന്നു്. നേരം വെളുത്തു. അപ്പോഴാണു് താൻ ഏതിൽ നിന്നാണു് വെള്ളം കുടിച്ചതെന്നു് അയാൾ മനസ്സിലാക്കിയതു്. രാത്രിയിൽ കോരിക്കുടിച്ച ജലം ഒരു തലയോട്ടിൽ കെട്ടിനിന്നതായിരുന്നു. തികച്ചും അവിശ്വസനീയമെങ്കിലും സത്യാത്മകം. അയാൾക്കു് ഓക്കാനമുണ്ടായി. രോഗം പിടികൂടുകയും ചെയ്തു. എന്നാലും ഈ അനുഭവത്തിൽനിന്നു യുആൻ ഒരു പാഠം പഠിച്ചു: ബോധാത്മകമായ ആഗ്രഹം നിലവിലിരിക്കുമ്പോൾ വ്യത്യസ്തതകളും നിലവിലിരിക്കും. അതിനെ അടിച്ചമർത്താമെങ്കിൽ ഈ വ്യത്യസ്തതകൾ അപ്രത്യക്ഷങ്ങളാവും. അപ്പോൾ തലയോടോ അഴുക്കിൽ അതുപോലുള്ള മറ്റു വസ്തുക്കളോ കൊണ്ടു് സംതൃപ്തനാവുകയും ചെയ്യാം. നോവലിന്റെ 389 പുറങ്ങൾ വായിച്ചവസാനിപ്പിച്ചിട്ടും അതിന്റെ രാമണീയകത്തോടുകൂടി എന്റെ മനസ്സിൽ തങ്ങിനിന്നതു് ഈ കൊച്ചു കഥയാണു്.

രാജനന്തിന്റെ സ്വഭാവമെന്തെന്നു് അറിഞ്ഞിരുന്നില്ലെങ്കിൽ ഉള്ളൂരിനു് പലപ്പോഴും ആസ്വാദ്യമായിരിക്കും. കാമുകിയുടെ അന്യപുരുഷസംസർഗ്ഗം അറിയാത്തിടത്തോളം കാലം കാമുകൻ നിർവൃതിയുടെ ലോകത്തിൽ കഴിഞ്ഞുകൂടും. ചെറുകഥകളെ സംബന്ധിച്ചും ഇതു ശരിയാണു്. ഇന്നു വാരികയിൽ പ്രസിദ്ധപ്പെടുത്തിയതു് എന്നു കാര്യം അറിയാതിരിക്കാൻ തക്കവിധത്തിൽ ആരെങ്കിലും കഥകൾ ഉറക്കെ വായിച്ചു കേൾപ്പിച്ചിരുന്നെങ്കിൽ മൂല്യനിർണ്ണയം കുറേക്കൂടി മെച്ചപ്പെട്ടതായിരുന്നു. (ഇപ്പോൾ അതു മെച്ചമാണു് എന്നർത്ഥത്തിലല്ല ഇതു പറയുന്നതു.) "മനോരമ വാരികയോ? അതിലെ ചെറുകഥകൾ ക്ഷുദ്രവികാരങ്ങളെ ഇളക്കിവിടുന്നവയാണു്" എന്നൊരു വിചാരം. ആ വാരിക കൈയിലെടുക്കുമ്പോൾത്തന്നെയുണ്ടാകും. "ദേശാഭിമാനി ആഴ്ചപ്പതിപ്പോ? അതിലെ കഥകൾക്കു പ്രചാരണാംശം കൂടുതലായിരിക്കും." ഈ വിചാരം ദേശാഭിമാനി കാണുമ്പോൾത്തന്നെയുണ്ടാകും. ഇത്തരം സങ്കൽപങ്ങൾ ആസ്വാദനത്തെ വികലമാക്കും. സംശയമില്ല. പക്ഷേ, മനോരമയിൽ നല്ല കഥകൾ കണ്ടിട്ടുണ്ടു്. ദേശാഭിമാനിയിൽ മനോഹരങ്ങളായ കഥകൾ വരാറുണ്ടു്. അതുപോലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നല്ല കഥകളെ കാണുന്നു എന്നൊരു വിചാരം പലർക്കുമുണ്ടു്. ഈ വിചാരത്തെ അസത്യാത്മകമാക്കുന്ന കഥകൾ ഏ. എസ്സിന്റെ സുന്ദരങ്ങളായ ചിത്രങ്ങളോടുകൂടി പലപ്പോഴും പ്രത്യക്ഷമാകാറുണ്ടു് മാതൃഭൂമിയിൽ. ഇതു മനസ്സിലാക്കിക്കൊണ്ടാണു് ഞാൻ സൂക്ഷ്മതയോടെ 50-ാം ലക്കം മാതൃഭൂമിയിലെ മുഴുവൻ ചെറുകഥകളും വായിച്ചു. സുന്ദരങ്ങളായിരിക്കുന്നു. കഥാകാരന്മാർ ശ്രീ. കെ. വി. ചന്ദ്രശേഖരനും ശ്രീ മുണ്ടൂർ കൃഷ്ണൻകുട്ടിയും.

സ്വന്തമായ ചിന്തയും സ്വന്തമായ ദർശനവും ഇല്ലാത്തവരാണു് കേരളീയർ. എല്ലാം അവർ കടമെടുക്കുന്നു. അങ്ങനെ പാശ്ചാത്യലോകത്തുനിന്നു കടം മേടിച്ച ചിന്തയാണു് 'ജനറേഷൻ ഗാപ്പ്' അല്ലെങ്കിൽ തലമുറകൾ തമ്മിലുള്ള വിടവു്.

മലയാളനാടു് വള്ളത്തോളിന്റെ നാടു്

മുണ്ടുടുത്ത് പത്തിൽ നഗ്നനായ ബോയ്സൺ. എനിക്കു കാണാം.

കടിനിർദ്ദിരക്കിക്കൊണ്ടു് പറഞ്ഞു:

"നടന്നിട്ടാവും ക്ഷീണം. ഞാനൊന്നു കിടന്നോട്ടെ."

"കിടക്കപിന്നെന്തിനാണു്."

പഴയ ബോയ്സന്റെ കസ്തൂരി. പിന്നീടു കാലത്തെയ്ക്കു തിരിച്ചെത്തിയതിന്റെ തെളിവു്. തക്കത്തമല്ലാതെ പറഞ്ഞു ശീലമില്ല.

എനിക്കു പ്രീതി. എന്റെ നിഗ്ദ്ധമായ ചിരി എനിക്കു കേൾക്കാൻ വൈകി. ഇഴവെള്ളത്തിൽ ആഞ്ഞു വലിക്കുമ്പോൾ ഓളങ്ങളുടെ രതുക്കിയ ചിരി!

ഉന്മത്തയാവുന്നതിനുമുമ്പു്, ചുരുണ്ടിഞ്ഞു വന്ന ഇടങ്കവെ, ബോയ്സൺ പിരിവിട്ടെഴുന്നേറ്റു.

"എനിക്കു കഴിയുന്നില്ല...."

മനുഷ്യാ, നിങ്ങൾ അചേതനവസ്തുവോ?

ശ്വാസഗതിക്കു സാവധാനം. പൂർവ്വസ്ഥിതിയിലായി. എഴുന്നേറ്റു് ഉടുത്തൊരുങ്ങി. ഈർഷ്യയെ അകതാരിലൊളിപ്പിച്ചു സാന്ത്വനപ്പെടുത്തുംവിധം പറഞ്ഞു:

"ഇതൊരു മാനസികരോഗമാണു്. ടെമ്പററി ഇംപൊട്ടൻസി. രാത്രിയെ വഞ്ചിക്കുന്നതായി നിങ്ങൾ ഭയപ്പെടുന്നു. രാത്രിയെ മാത്രമേ നിങ്ങൾക്കു പ്രാപിക്കാൻ കഴിയൂ എന്നായിരിക്കുന്നു. മറ്റുള്ളവർക്കു ഉപകരിക്കാനാവാത്തവിധം സ്വയം കാസ്ട്രേഷൻ നടത്തിയിരിക്കുന്നു. ഷണ്ഡീകരണപ്രക്രിയയ്ക്കു വിധേയനായിരിക്കുന്നു നിങ്ങൾ. അന്ധമായ രാത്രിഭ്രമം വന്നതിനു ചുമക്കിപ്പുറത്താൽ നിങ്ങൾ അവളുടെ അടിമ. അവൾ വിലയ്ക്കു വാങ്ങിയ ജന്മം..."

നവീനായി പറഞ്ഞുവന്ന ബോധ്യമായപ്പോൾ നിത്യ മൃഗമാതൃകൾക്കു ശേഷം വീണ്ടും:

"ഞാൻ പോകുന്നു."

"ഈ പാതിരയ്ക്കോ..."

കുന്നും പറയാതെ തുള്ളിക്കൾ ഇറങ്ങി...

രാത്രിയുടെ മധ്യയാമക്കാറ്റു്, എന്നും വീയറ്റു് മുണ്ടുകൊണ്ടു് പുതയ്ക്കുന്ന കാമുകന്റെ തുടയിൽ ഉമ്മവച്ചു് സാരിഞൊറികളിൽ തിരുപ്പിടിച്ചു് ഇക്കിളിപ്പെടുത്തി. നമുക്കു പോകാം വയ്യ...

—•—

ാരോ തലമുറയ്ക്കും ഓരോ വിശ്വാസം; ഓരോ പ്രവർത്തനപദ്ധതി. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ഓരോ പ്രശ്നം. (പ്രോബ്ലം എന്ന അർത്ഥത്തിൽ പ്രശ്നം എന്ന് ഇന്നു പ്രയോഗിക്കുന്നു. പക്ഷേ, പ്രശ്നത്തിനു ചോദ്യം എന്നേ അർത്ഥമുള്ളൂ.) അങ്ങനെ അച്ഛനും മകനും തമ്മിൽ—രണ്ടു തലമുറകൾ തമ്മിൽ—സംഘട്ടനം ഉണ്ടാകുന്നു. ഇതിനെ നർമ്മരാസ്യമായി ചന്ദ്രശേഖരൻ ആലേഖനം ചെയ്യുന്ന കഥയുടെ സംഗ്രഹം ഞാൻ നല്കുന്നില്ല. അതൊരു കലാഹിംസയാകും. കഥാകാരന്റെ വൈദഗ്ദ്ധ്യം കാണാൻ പ്രിയപ്പെട്ട വായനക്കാരെ സാദരം ക്ഷണിക്കുന്നതേയുള്ളൂ.

വാർദ്ധക്യത്തിലെത്തിയിട്ടും സന്തതസമ്പാദനത്തിൽ തൽപരനായ അച്ഛൻ, പെൺമക്കളെ സമയത്തു വിവാഹം കഴിച്ചു കൊടുത്തിരുന്നെങ്കിൽ അനേകം ചെറുമക്കളുടെ അമ്മൂമ്മയാകുമായിരുന്ന അമ്മ. ഇങ്ങിനെ രണ്ടുപേരെ നോക്കുകയാണ് അയാൾ. അവരോടെപ്പറയാൻ തയ്യാറായിരിക്കുന്നു. പേരു സുഖകരമായിരിക്കാൻ വേണ്ടി അച്ഛൻ വഴിപാടു നേരുന്നു. സഹോദരിമാരെ വിവാഹം കഴിച്ചയയ്ക്കാൻ അച്ഛൻ ഒന്നും ചെയ്യുന്നില്ല. സഹോദരിമാരായിപ്പോയതുകൊണ്ട് അയാൾ സ്നേഹപരതന്ത്രനായിരിക്കുന്നു. മാറേണ്ടകാലമാണെന്നു് ആലോചന വന്നപ്പോൾ അയാൾ അച്ഛനോടു പറഞ്ഞു:—"അതിനിവിടെ ആളില്ലെന്ന അവർക്കറിയാമല്ലോ." സഹോദരന്റെ ഈ വാക്കുകേട്ട് സഹോദരി ആശാഭംഗത്തിൽ മുങ്ങിപ്പോയി. പക്ഷേ, അയ്യോ നാവുകൊണ്ടുമാത്രം പറഞ്ഞതാണത്. അയാളുടെ ഉള്ളിന്റെ ഉള്ളിൽ കർത്തവ്യവും സ്നേഹവും പാരതന്ത്ര്യവിദ്വേഷവും തമ്മിൽ വ്യാമർദ്ദം നടക്കുന്നു. നേരം വെളുത്തപ്പോൾ അയാൾ അച്ഛനോടു പറഞ്ഞു:—"ഈ മാറ്റക്കല്യാണത്തിനു സമ്മതമാണെന്ന് അവർക്കിന്നെഴുതണം." കലാസൗന്ദര്യത്തിനു കിരീടം വച്ചുകൊണ്ടു് കഥാകാരൻ കഥ അവസാനിപ്പിക്കുന്നു.

"മരിക്കുന്നവർ മരിച്ചോട്ടെ. എന്നാലും വേണ്ടില്ല; ആ മുറിയിൽ നിന്നു രണ്ടുപേരുടെ പുറത്തിക്കണം. എനിക്ക്," അയാൾ കാലത്തിന്റെ നടുമുറിയിൽ നിന്നു. ചപ്പിലികർക്ക മുകളിലൂടെ നടന്നു." ജീവിതത്തിൽ നിന്നു് വാങ്മയചിത്രങ്ങളിലേക്കു പോകുന്നതാണു് കലയകിൽ മാധുര്യമിശ്രിതമായ ഈ രണ്ടു കഥകളും ഉത്കൃഷ്ടമായ കല എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. കട്ടംബോരുപോലെ അവലംബപിന്തുണയില്ലാതെ നില്ക്കുന്ന ആ യുവാവും അച്ഛനെ അവഗണിക്കുന്ന ആ മകനും അവനെ മുൻപിലെ നിസ്സഹായാവസ്ഥയിൽ സ്ഥിതിചെയ്യുന്ന അച്ഛനും തെളിഞ്ഞചിത്രങ്ങളായി എന്റെ മുൻപിൽ വന്നു. ജപ്പാനിലെ ഗേഷ* (Geisha) പാടുന്നു:—

All this long long night,
Long on the tail of the golden pheasant
Must I sleep alone?

[കാസാൻസാക്കിസിന്റെ ഒരു നോവലിൽനിന്നു്]

(സുവർണ്ണ ചകോരത്തിന്റെ വാലുപോലെ നീണ്ട, നീണ്ടുനീണ്ട ഈ രാത്രിയിൽ ഞാൻ തനിച്ചു് ഉറങ്ങണോ?) അതേ! തനിച്ചുറങ്ങുന്നതു് ക്ലേശപൂർണ്ണമാണു്. പക്ഷേ, ക്ലേശമുറങ്ങാൻ ഇണയെ കിട്ടിയാൽ ആ ഇണയെ എന്നും ക്ലേശിക്കിടത്തുന്നതാരു്? വൈവാഹികബന്ധത്തിന്റെ ശാശ്വതദുഃഖം മധുവിധു കഴിയുന്നതിനുമുമ്പ തുടങ്ങുമല്ലോ. [ഇതില്ലെന്നു പറയുന്ന പുരുഷൻ കള്ളം പറയുന്നു. ഇതില്ലെന്നു പറയുന്ന സ്ത്രീ പച്ചക്കള്ളം പറയുന്നു.] ഈ ദുഃഖം നൈസർഗ്ഗികവൃത്തത്തിലാണു്. കലയുടെ ലോകത്തില്ല. അവിടെ ദാരുണ്യം കാട്ടുകയെപ്പോഴും ആനന്ദദായിനിയാണു്. ശ്രീ. പെരുമ്പടവം ശ്രീധരൻ സൃഷ്ടിച്ച കലാലോകത്തിൽ വിരാജിക്കുന്ന ഭാര്യ അവളുടെ ഭർത്താവിനു സ്നേഹത്തിന്റെ ലഹരി പകർന്നു കൊണ്ടേയിരിക്കുന്നു. സന്താനം ഒന്നുണ്ട്. അവൾക്കു് മണ്ടനായ അച്ഛനെയും അവളുടെ വയറ്റിൽക്കിടക്കുന്ന ദമ്പതികൾ എവിടെയോ പോയിട്ടു് കടുങ്കുകയാണു്. ഭയങ്കരമായ മഴ. കടയില്ല.

*ഗേഷ—പുരുഷനെ രസിപ്പിക്കുന്ന ജാപ്പനീസ് പെൺകുട്ടി. അവർ പാട്ടുകാരിയാണു്, നൃത്തം ചെയ്യുന്നവളാണു്. ഗെ എന്നാൽ കല എന്നർത്ഥം. ഷ എന്നതിനു് ആൾ, വ്യക്തി എന്നർത്ഥം.

മുടിചെട്ടിക്കാൻ തോന്നിയില്ല. മുടിക്കു് ഒരിഞ്ചു് നീളം കൂടിപ്പോകുകിൽ അതിലെന്തു്. നാണുവിന്റെ സഹായമില്ലാതെ നേരെ വീട്ടിലേക്കു നടന്നു. ഇവിടെയായിരുന്നു തുടക്കം. അതുതന്നെ പടത്തിയ ഒരാരംഭത്തിന്റെ തുടക്കം.

അടുത്തലക്കം മുതൽ

മലയാളനാടിൽ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു!

എം. മുകുന്ദന്റെ

'കൂട്ടം തെറ്റി മേയുന്നവർ'

ഒരു പുതിയ ഇന്ദ്രിയത്തിനുവേണ്ടി കരയുന്ന മനുഷ്യായുസ്സും മുഴുവൻ തപസ്സുചെയ്ത ഒരു ശക്തനായ നിസ്സഹായന്റെ കഥ.

മലയാളസാഹിത്യത്തിലെ ഒരു പുതിയ വഴിത്തിരിവിനെ കുറിക്കുന്നു; ശക്തിയും സൗന്ദര്യവുമുള്ള വശ്യതയാൽ ഹൃദ്യമീ ഭാഷയിലെഴുതിയ ഈ നോവൽ.

നിങ്ങളുടെ കോപ്പികൾ ഇന്നുതന്നെ റിസർവ്വു ചെയ്യുക.

നേരം ഇരുട്ടുന്നു. അപ്പോഴാണു് അയാളുടെ പൂർവ്വകാമുകിയാദൃച്ഛികമായി അവിടേയെത്തി അവർക്കു കൂടെ കൊള്ളാറുള്ള ഹണ്ടോമിക്കൽ അല്ലാതെ മറ്റൊരു സന്ധ്യാവേളയിൽ ഈ വിധത്തിൽ ഇനിയൊരിക്കലും കാണാതിരിക്കട്ടെ എന്നു പറഞ്ഞു പിരിഞ്ഞവരാണു്. അവളും അവിടെ നില്ക്കുന്ന ആ പുരുഷനും പൂർവ്വകാമുകിക്കുട്ടിയുടെ ചേതികളും ശിരോവും തെങ്ങുപ്പോകുമ്പോൾ അയാൾ അവളോടു ചോദിക്കാതിരുന്നില്ല:— "പിന്നെ തങ്കമണി എങ്ങനെ പോകും?" അവൾ മറുപടി നല്കി:— "ഓ എന്റെ കാര്യം സാരമില്ല— അതോർത്തു വിഷമിക്കുകയും വേണ്ട."

പെരുമ്പടവം ശ്രീധരന്റെ "മഴ" എന്ന ഈ കഥ (ചന്ദ്രിക ആഴ്ചപ്പതിപ്പിൽ) കുറച്ചു രമണീയമായിട്ടുണ്ടു്. ഒരിക്കലും നില്ക്കാത്ത ആ മഴ അവരുടെ ജീവിതത്തിന്റെ ഒട്ടുങ്ങാത്ത വൈരസ്യമാണു്. അതിൽനിന്നു് താൽകാലിക മോചനം കിട്ടും. അതു് ആ കാമുകിയുടെ സ്നേഹമാകുന്ന കടം നിവർത്തിപ്പാടിക്കുമ്പോഴാണു്. അതു നല്ലാൻ അവൾക്കു് വൈമനസ്യമില്ല. അയാൾക്കു് അതു സ്വീകരിക്കാനും പ്രയാസമില്ല. ഭാര്യയും അറിയാം അവളാരാണെന്നു്. എങ്കിലും അവൾ ആ യുവതിയെക്കുറിച്ചു് ഭർത്താവിനോടു് ഒന്നും ചോദിക്കുന്നില്ല. ഇവിടെയും കലാസുന്ദരമായി കഥ അവസാനിപ്പിക്കുന്ന കഥാകാരൻ:— "ഇടയ്ക്കാരോർത്തു, 'ആ കുട തന്നതാരാണെന്നു് ഭാര്യ ചോദിച്ചില്ലല്ലോ'" —ഭാര്യ ചോദിക്കാത്തതിലാണു് കലയുടെ രാമണീയകമിരിക്കുന്നതു്. ചില ദിവസങ്ങളിൽ കേൾക്കുന്നതെല്ലാം നല്ല കാര്യങ്ങൾ. ചില ദിവസങ്ങളിൽ ഏതെന്തെഴുതാൻ ഇരിക്കുമ്പോൾ വായിക്കുന്ന കഥകളെല്ലാം മനോഹരം ഈശ്വരനെ നന്ദി. വരട്ടെ. ഈശ്വരൻ അരുതു് കാരുണ്യമുള്ളവനാണെന്നുമല്ല അതിനു തെളിവു് ചിത്രകാർത്തിക വാരികയിലെ ശത്രുഘ്നൻ അതിലെഴുതിയ "പ്രേമിക്കാത്തവന്റെ ദുഃഖം" എന്ന ചെറുകഥ വായിച്ചുനോക്കുക, അയാളെ അവൾ പണ്ടും സ്നേഹിച്ചിരുന്നു. ഇന്നും സ്നേഹിക്കുന്നു. നമ്മുടെ ഒരുതൃണാധനകവിയുടെ രീതിയിൽ പറഞ്ഞാൽ അവൾ അയാളെ "പ്രേമിച്ചോ ഓ ഓ ഓ ഓ ഓ ഓ..... ണ്ടിരുന്നു." അയാൾക്കാണെങ്കിൽ അവളോടു പ്രേമം ഇല്ലേ ഏ ഏ ഏ ഏ ഏ...ഇല്ല. അവർ യാദൃച്ഛികമായി ബസ്സു് സ്റ്റാൻഡിൽ വച്ചു കണ്ടുമുട്ടി. അവൾ പ്രേമത്തെക്കുറിച്ചു വാതോ ഓ ഓ ഓ.....രാതെ സംസാരിച്ചുതുടങ്ങി. അപ്പോഴാണു് അവൾക്കു പോകാനുള്ള ബസ്സു് വന്നതു്. അയാൾക്കു്. എന്തൊരാശ്വാസം! നമുക്കും വലിയ ആ ആ ആ ആ.....ശ്വാസം. എന്താണു് ഈ കഥയുടെ നൃനത? പ്രഗല്ഭനായ പ്രഭാഷകന്റെ പ്രഭാഷണം കേട്ടാൽ ശ്രോതാക്കളുടെ മനസ്സു് ആ പ്രഭാഷണത്തിലെ ആശയങ്ങളോടു ചേർന്നുനില്ക്കും. മേഘസന്ദേശം വായിക്കുമ്പോൾ അനുവാചകന്റെ ഹൃദയം രസാനുഭൂതിയിൽ മുങ്ങിനില്ക്കും. ബർണാർഡ്ഷായുടെ നാടകങ്ങൾ വായിക്കുമ്പോൾ നമ്മുടെ പ്രജ്ഞയ്ക്കു് ഉണർവുണ്ടാകും. ഷ്ലോകങ്ങളായ വാക്യങ്ങൾ മാത്രം അടങ്ങിയിട്ടുള്ള പ്രബന്ധങ്ങൾ വായിച്ചാൽ മനസ്സിനു് ഒരു ചലനവും ഉണ്ടാകുകയില്ല. ശത്രുഘ്നന്റെ കഥ വായിച്ചപ്പോൾ എന്റെ മനസ്സിനു് ഒരു ചലനവുമുണ്ടായില്ല. അതിൽ ഭാവനയില്ല, വികാരമില്ല, കലാപരമായ യാഥാർത്ഥ്യമില്ല. 'Do not paint created things. Paint the forces that have created them'—സൃഷ്ടിക്കപ്പെട്ടിട്ടുള്ള വസ്തുക്കളെ വരയ്ക്കാതിരിക്കൂ. അവയെ സൃഷ്ടിച്ച ശക്തികളെ ആലേഖനം ചെയ്യൂ.—ഈ ഉപദേശം ശത്രുഘ്നൻ അംഗീകരിച്ചാൽ നന്നായിരിക്കും.

* * * *

"ചങ്ങമ്പുഴക്കവിതയിൽ പ്രേമം മാംസനിബദ്ധമല്ല. അതുപോലെതന്നെ ഒരു കേവലാദർശവുമല്ല. ആത്മപീഡനത്തിനു വേണ്ടിയുള്ള ഒരു ചപലവ്യാപാരമാണു് ചങ്ങമ്പുഴക്കവിതയിലെ പ്രേമം എന്നു നാം കണ്ടുകഴിഞ്ഞു. സ്വയം നിരാശനാകാനും ആ നിരാശയിൽ നിന്നു ദുഃഖം വാറ്റിയെടുക്കുവാനുമാണു് കവി സ്ത്രീപുരുഷബന്ധത്തെ ഉപയോഗിക്കുന്നതു്. വേദനാസഹാദ്യമായിത്തീരുന്ന രോഗബാധിതമായ ഒരു മനസ്സാണു് ഈ പ്രേമസങ്കല്പത്തിൽ പ്രകടമാകുന്നതു്." ശ്രീ. ബി.

(ശേഷം 53-ൽ)

പരസ്യത്തിന്റെ കാലമാണിതു്. ഏതു ചരക്കിന്റെ വില്പനയും ഏറിയകുറും പരസ്യത്തെയാണിന്നാശ്രയിച്ചിരിപ്പു്. വില്ലാനുള്ളവസ്തുവിന്റെ (Quality) ഗുണത്തിലുമേറെ ശ്രദ്ധപതിപ്പിക്കേണ്ടതു് അതു് എളുപ്പം വിറ്റഴിക്കാനാകുന്ന ആകർഷകമായ (advertisement) പരസ്യത്തിലാണെന്നു വന്നിരിക്കുന്നു. തുടർച്ചയായുള്ള വിദഗ്ദ്ധമായ പരസ്യത്തിനു കഴുതയെ കുതിരയാക്കിമാറ്റാനാവുമെന്നു ശങ്കിയുണ്ടെന്നു വന്നുതു സർവ്വവിദിതമാണല്ലോ. നല്ല വസ്തുക്കൾക്കുപോലും കരുത്തേറിയ പരസ്യം അനിവാര്യമാണെന്നു വന്നുചേർന്നിരിക്കുന്നു. വില്പന ത്വരിതപ്പെടുത്താനുള്ള മാർഗ്ഗങ്ങളിൽ പലതും പലപ്പോഴും ന്യായമാവണമെന്നുമില്ല. കാരണം ന്യായമായ പ്രലോഭനങ്ങളിൽ മാത്രം കണ്ണുനട്ടു പ്രവർത്തിച്ചാൽ ഫലം ചിലപ്പോൾ തികച്ചും അവ മിക്കവയും ആകർഷകമായ ഒരു കവർചിത്രംകൊണ്ടു് ആവരണം ചെയ്യാൻ ഉത്തരവാദപ്പെട്ടവർ ഒരിക്കലും മറക്കാറില്ല. മാദകദ്യുതി കളങ്കമന്യേ ഒരു മദാലസയുടെ ചിത്രമാണെന്നാലും അഭികാമ്യം ഈ ഇനത്തിൽ. കൂടെ കസ്തൂരികലന്നു, കൗതുകം വളർത്തുന്ന, കൂടുതലറിയാനുള്ള ആകാംക്ഷ തൊട്ടുണർത്തുന്ന, ഒരു വാർത്താശകലവും പുറത്തുതന്നെ വെണ്ടക്കയിൽ കൊടുത്താൽ ഇക്കാരണങ്ങളാലെങ്കിലും കാറ്റേപ്പോയ പ്രസ്തുത പ്രസിദ്ധീകരണം ഒന്നു വാങ്ങിനോക്കാനിരിക്കില്ല.

വില്പനവർദ്ധിപ്പിക്കാനുള്ള ഈ വിദഗ്ദ്ധതന്ത്രം പരസ്യത്തിന്റെ വലയെക്കുറിച്ചു് മറാരേക്കാളും കൂടുതൽ ബോധവാന്മാരായ നമ്മുടെസിനിമക്കാർക്കുണ്ടെന്നു് പുതിയ പടങ്ങളുടെ പരസ്യങ്ങൾ സൂക്ഷിച്ചാൽ ഒരു സാമാന്യഘടകം അതിൽ പ്രകടമാണു്. ഒരു കുടുംബത്തിലെ ഒരു പുരുഷനും രണ്ടു സ്ത്രീകളും. ഒരു സ്ത്രീ ഒരു പുരുഷനും രണ്ടു സ്ത്രീകളും. ഒരു പുരുഷനും ഒരു സ്ത്രീയും രണ്ടു പുരുഷന്മാരും. ഒരു പുരുഷനും രണ്ടു പുരുഷന്മാരും. ഒരു സ്ത്രീയും രണ്ടു സ്ത്രീകളും. ഇങ്ങനെ പലതരത്തിലുള്ള കുടുംബങ്ങളുടെ ചിത്രങ്ങൾ പരസ്യത്തിൽ കാണാം. ഇവയിൽ ഏതു കുടുംബത്തിലാണു് കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാകുന്നതു്? ഏതു കുടുംബത്തിലാണു് കൂടുതൽ സമാധാനം കളിയാടുന്നതു്? ഏതു കുടുംബത്തിലാണു് കൂടുതൽ സ്നേഹം പൂത്തുലയുന്നതു്? ഏതു കുടുംബത്തിലാണു് കൂടുതൽ സ്നേഹം കരിഞ്ഞുണങ്ങുന്നതു്?

"താങ്ക് യു, സർ. ഞാൻ പുകവലിക്കാറില്ല."

"സാരമില്ല. ഇതു് വലിച്ചോളൂ. സ്ക്കൂളിൽ എല്ലാ കുട്ടികളും പുകവലിക്കുമെന്നറിക്കറിയാം. കളിമുറിയിൽവെച്ചു് രഹസ്യമായി പുകവലിക്കുന്നതിനെക്കാൾ എന്റെ മുന്നിൽവച്ചു് പുകവലിക്കുന്നതാണു് എനിക്കിഷ്ടം."

രാജാ കോപംകൊണ്ടുവിറച്ചുകൊണ്ടു പറഞ്ഞു: "ഞാൻ പുകവലിക്കാറില്ല—ബാത്ത്റൂമിൽ പോലും."

"കുട്ടിയെ വെറുതെ വിടൂ." ഒരു ശാസി ക്കലെന്നോണം പറഞ്ഞിട്ടു് മിസിസ് സ്മിത്ത് തുടർന്നു. "നമുക്കു് സ്പ്രിങ്ഫീൽഡിലെ രാജാക്കന്മാരുടെ സന്താനങ്ങൾ എന്തൊക്കെയാണെന്നു് നമുക്കു നോക്കാം."

അച്ഛനമ്മമാരോടൊപ്പം രാജായുടെ നോട്ടവും സന്താനപ്പട്ടികകളിലൂടെ കടന്നുപോയി. ഫൗണ്ടൻപേനകൾ, ഇലക്ട്രിക് ഷേവറുകൾ, കഫ്ലിങ്കുകൾ, ഷൂ... അവസാനത്തെ അറ്റത്തു് ചെറിയ ഒരു സ്ലോട്ടിൽ കേക്കിന്റെ രൂപത്തിലുള്ള മുണ്ടായിരുന്നു.

"ആരാണീ കേക്ക് കൊണ്ടുവന്നതു്?" രാജാ അതിശയത്തോടും സന്തോഷത്തോടും ആരാഞ്ഞു. "കുട്ടിക്കാലംമുതൽ സ്ലോട്ടിൽ കേക്ക് എനിക്കെന്തു് ഇഷ്ടമാണെന്നോ? ആരാണെന്റെ രുചിയും പ്രിയവും മനസ്സിലാക്കിയിരിക്കുന്നതു്?"

രാജായുടെ അമ്മയുടെ മറുപടിയിൽ പുച്ഛവും നിസ്സാരതയും നിഴലിച്ചുനിന്നിരുന്നു. "ഓ! ആ കേക്കോ. അതു് നിന്റെ പഴയ ഗവർണ്ണസ് ആണു് കൊണ്ടുവന്നതു്. നിനക്കു് ഓർമ്മയില്ലേ നീ കുട്ടിയായിരിക്കുമ്പോൾ നിന്നെ നോക്കാനിവിടെയുണ്ടായിരുന്ന ആൺടി." അവൻ ആ കേക്കു് കയ്യിലെടുത്തു് ഏറെ താൽപര്യത്തോടെ മണത്തുനോക്കി.

"ഓ! ബാല്യകാലത്തിന്റെ മധുരിക്കുന്ന മണമുണ്ടീ കേക്കിനു്" രാജാ ആവേശത്തോടെ പറഞ്ഞു.

കോട്ടുവായിട്ടുകൊണ്ടു് മിസ്സിസ് സ്മിത്ത് ഭർത്താവിനോടു പറഞ്ഞു, "വരൂ ഡാർലിംഗ്; സമയം വളരെ വൈകിയിരിക്കുന്നു. ഇന്നു് ആകെക്ഷീണമുള്ള ദിവസമാണു്. ഇഡ്നൈറ്റ് രാജാ. കേക്ക് തിന്നുകഴിഞ്ഞതിന്റെ ശേഷം ലൈറ്റു് അണച്ചേക്കാൻ മറക്കരുതു്."

അവർ രണ്ടുപേരും ഉറക്കറയിലേക്കു പോയി. ശൂന്യമായ ആ ഹാളിൽ രാജാ മാത്രമായി. കേക്കിന്റെ കവറിൽ പ്രത്യേകമായുള്ള ഒരു കുറിപ്പു് അവന്റെ ശ്രദ്ധയിൽപെട്ടു. വിത്ത് ലൗ ഫ്രം ആന്റി ആൻറു് ബോബി". ആൻറിയെ അറിയാം. പക്ഷേ, ആരാണീ ബോബി? അവൻ ജിജ്ഞാസുവായി. ആ ജിജ്ഞാസ അവനെ രണ്ടാഗ്രാമത്തിലാണെത്തിച്ചതു്.

(തുടരും)

—o—

അനുകരണങ്ങളെ ശ്രദ്ധിക്കുക

ആത്രേയാശ്രമം

കൈതമുക്കു്,

തിരുവനന്തപുരം.

കായത്തിരുമേനി എണ്ണ

തലയ്ക്കുണ്ടാകുന്ന ക്ഷീണം, മാറാത്ത തലവേദന, തുടർച്ചയായ ജലദോഷം, ഉത്തമൽഭ്യ മണ്ണയിൽനിന്നു് കഫം ഇറങ്ങിക്കൊണ്ടിരിക്കുക, പീനസം, ശ്വാസദുർഗ്ഗന്ധം, ഒരണ്ണയും പിടിക്കായ്കു ചെവിയുമുഴക്കം, ചെവിയിൽനിന്നും നീരും പഴുപ്പും ഒലിക്കുക, ഊനാൽനിന്നും രക്തവും പഴുപ്പും വരിക, പല്ലുകൾക്കു് ബലക്ഷയം, ടോൺസിൽസ് തുടങ്ങിയ രോഗങ്ങൾക്കു് തലയിൽ തേച്ചു കുളിക്കുക

300 M L. കുപ്പിക്കു് രൂപാ 15-60. 7 രൂപാ മുൻകൂർ അയയ്ക്കുക.

പൊരുത്തക്കേടു്

ഒ. വി. ഉഷ

ലുബ്ധന്റെ കയ്യിലെ ക്കാശുപോലെ.
ഞാനോ? തിരിഞ്ഞൊന്നു നോക്കുവേയെങ്കൽ
ഞാനേ കളഞ്ഞ മുതലുപോലെ;
പ്രേമം പറന്നതിൽ പിന്നെയെന്നുള്ളു
പ്രാണങ്ങളറ്റ ശരീരംപോലെ!

—o—

ആരു പാർപ്പില്ലാതെ വീടുകിടക്കുന്ന
പോ നിനവറ്റ മനസ്സു പോലെ.
ഉള്ളിൽ പുരുളുമിരുട്ട കറവന്റെ
പുൽക്കുഴൽ കേൾക്കാത്ത പാമുപോലെ.
വാനത്തെ നോക്കും വരണ്ട വിളനിലം
ദാഹം മറക്കുന്ന ചുണ്ടുപോലെ.
പൂരം കഴിഞ്ഞു പറമ്പു കിടക്കുന്ന—
തോർമ്മകളൊക്കെയകന്നപോലെ.
മാവിൽ പിടിയ്ക്കാതെയുന്നറ മല്ലിക
ആൺതുണയറ്റൊരു പെണ്ണു പോലെ.
പോയ ജന്മത്തിന്റെ ബന്ധമിണങ്ങാതെ—
യാകിലിതിന്റെ വേരറ്റ പോലെ.
ലക്ഷ്യമില്ലാത്ത വഴികളോരോന്നതേ
സ്വാർത്ഥത്തിലുന്നിയ ചിന്തപോലെ.
കാണ്മു സൂക്ഷിച്ച പരിശുദ്ധ യൗവ്വനം

സാഹിത്യവാരഫലം

(16-ൽനിന്നും തുടർച്ച)

രാജീവന്റെ മതമാണിതു്. (ലേഖനം ദേശാഭിമാനി വാരികയൽ). ഞാനൊരു കഥ കേട്ടിട്ടുണ്ടു്. ഒരു സന്ന്യാസി ഒരു സ്നേഹിതനെ അന്വേഷിച്ചു ചെന്നു. സ്നേഹിതൻ വീട്ടിലില്ലായിരുന്നു. സന്ന്യാസിയുടെ ചെറുപ്പക്കാരിയായ ഭാര്യ സന്ന്യാസിക്കു ചായ കൊണ്ടുവച്ചു. അവൾ ബഹുമാനത്തോടെ കുനിഞ്ഞു് ചായ താഴെവയ്ക്കുമ്പോൾ സന്ന്യാസിയുടെ നിസ്സഹായങ്ങളായ കണ്ണുകൾ അവളുടെ ബ്ലൗസിനുള്ളിലൂടെ വ്യാപരിക്കുകയായി. ആ മനോഹരങ്ങളായ വക്ഷോജങ്ങൾ കണ്ടു് അയാൾ തന്നോടുതന്നെ പറഞ്ഞു:—"ഈശ്വര! എന്റെ മനസ്സിനു് ചാഞ്ചല്യം നല്കിയ അങ്ങയ്ക്കു നന്ദി. ഇവയുടെ രോഗാണുക്കൾ എനിക്കു് ആസംക്രമിക്കാതിരിക്കാൻ സാദ്ധ്യമല്ല." സന്ന്യാസിയെപ്പോലെ നൂറുകണക്കിനു് ആശയവക്ഷോജങ്ങൾ കണ്ടു് ഇളകിപ്പോകാൻ എനിക്കു കൂസലുണ്ടു്. പക്ഷേ, സാധിക്കുന്നില്ല. ബഹുമാനത്തോടുകൂടിയുള്ളതിലും അനിഷിസത് കാരതൽപരതയോടെ രാജീവൻ ലേഖനപാനീയം താഴ്വരയുന്നു. മാർക്സിസത്തിന്റെ ഇരുക്കിക്കെട്ടിയ ബോഡിസിലൂടെ ആശയസ്പന്ദനങ്ങൾ കുറെയൊക്കെ പ്രകടമാകുന്നുണ്ടു്. പക്ഷേ, മനസ്സിനു് ഒരു ചാഞ്ചല്യവുമില്ല. "ചങ്ങമ്പുഴയുടെ രോഗബാധിതമായ മനസ്സു്." യേശുക്രിസ്തുവും നല്ല കവിതകൾ വായിച്ചാൽ അനുവാചകന്റെ മനസ്സും വിശുദ്ധമാകും. മാർക്സിനെ വാഴ്ത്തി ചങ്ങമ്പുഴ എഴുതിയ ഇയിലുണർത്തുപാട്ടും സഹധർമ്മിണിയെ വാഴ്ത്തി അദ്ദേഹം എഴുതിയ മനസ്വിനിയും വിശുദ്ധിയുള്ളവയാകുന്നു. രോഗബാധിതമായ മനസ്സിൽനിന്നു് നല്ല കവിത ജനിക്കുകയില്ല.

* * * * *

എന്റെ രാജ്യത്തിലിതെന്റെ
കൺമുന്നിൽ—കേട്ടതില്ലയോ
തലപൊക്കി നടക്കുന്ന—
രണ്ടോരുതെമ്മാടിയിന്നിയും.

ശ്രീ. എം. എൻ. പാലൂർ "പൊപ്പുറപ്പാട്ടു്" നന്നാക്കുകയാണു് "മലയാളനാട്ടിൽ. അദ്ദേഹം കാവ്യമെഴുതിയാൽ മതി. മലയാളനാടു്, വള്ളത്തോളിന്റെയും, കുമാരനാശാന്റെയും, ചങ്ങമ്പുഴയുടെയും ഇടപ്പള്ളി രാഘവൻപിള്ളയുടെയും നാടാണു്. തെങ്ങുകൾക്കു കാവ്യനഭസ്സിലെ തിരിച്ചറിയാം. പടപ്പുറപ്പാടു് നടത്തുന്നവരെയും അറിയാം.

—o—